## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1639 — 12.06.2019 ലെ മറുപടിക്ക്

### തീരദേശ നിയന്ത്രണ വിജ്ഞാപനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോജി എം.ജോൺ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര പരിസ്ഥിതി നിയമത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ തടാകങ്ങൾ, കായലുകൾ എന്നിവയുടെ തീരത്ത് നിന്നും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന ദൂരപരിധി ലംഘിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ കർശനമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്; തീരദേശ നിയന്ത്രണ മേഖലയിൽ തീരദേശ പരിപാലന അതോറിറ്റിയുടെ അനുമതിയില്ലാതെ നിർമ്മിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഓരോ ജില്ലയിലെ തീരദേശ പരിപാലന ജില്ലാതല കമ്മിറ്റി കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിന്മേലും നിയമലംഘനം നടത്തുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതിയിലും കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുന്ന CRZ ലംഘനങ്ങളിലും ഉചിതമായ നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) മരടിൽ സുപ്രീം കോടതി പൊളിക്കുവാൻ ഉത്തരവായ അഞ്ച് ഫ്ലാറ്റ് സമുച്ചയങ്ങൾക്ക് മരട് പഞ്ചായത്ത് അനുമതി നൽകുമ്പോൾ 1991-ലെ തീരദേശ നിയന്ത്രണ വിജ്ഞാപന പ്രകാരം നിഷ്കർഷിച്ചിരുന്ന ദൂരപരിധി ഉണ്ടായിരുന്നോ; | (ബി) | ഇല്ലായിരുന്നു. |
| (സി) ഇല്ലെങ്കിൽ പ്രസ്തുത ഫ്ലാറ്റുകളുടെ നിർമ്മാതാക്കൾക്ക് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയത് ഏത് സാഹചര്യത്തിലാണ് എന്നത് സംബന്ധിച്ച് അന്വേഷണം നടത്തുമോ? | (സി) | ചട്ടപ്രകാരമുള്ള ദൂരപരിധിയില്ലാതെ ഫ്ലാറ്റ് നിർമ്മാതാക്കൾക്ക് കെട്ടിട നിർമ്മാണാനുമതി നൽകിയ സാഹചര്യം സർക്കാർ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ